# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4121 — 16.12.2014-ലെ മറുപടിക്ക്

## സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുവാൻ സർക്കാർ നിശ്ചയിച്ച ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ

| | ചോദ്യം<br>ശ്രീമതി. കെ.എസ്. സലീഖ | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | സംസ്ഥാനത്തെ സാമ്പത്തിക ബുദ്ധിമുട്ട് തരണം ചെയ്യുവാൻ സർക്കാർ നിശ്ചയിച്ച ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും നിർദ്ദേശങ്ങൾ പ്രകാരം എന്തു തുകയുടെ ചെലവ് ചുരുക്കാൻ നാളിതുവരെ കഴിഞ്ഞു എന്നും വ്യക്തമാക്കുമോ ; | 19.09.2014 ലെ സ.ഉ. (പി) നം. 400/2014/ധന പ്രകാരം 2015 മാർച്ച് 31 വരെ പുതിയ തസ്തിക/പുതിയ സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവ സൃഷ്ടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി.<br>പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും, വിദേശയാത്രകൾക്കും നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 01.12.2014 ലെ സ.ഉ. (പി) നം. 523/2014/ധന പ്രകാരം സർക്കാർ വകുപ്പുകൾ / പൊതുമേഖല സ്ഥാപനങ്ങൾ / സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഡയറികൾ അച്ചടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി.<br>സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. മുപ്പതിനായിരത്തോളം താത്ക്കാലിക തസ്തികൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15 ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്.<br>വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ |

| | | |
|---|---|---|
| | | വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11.10.2013 ലെ 515/2013/ധന നമ്പർ ഉത്തരവു പ്രകാരം നൽകിയിട്ടുണ്ട്. 11.10.2013 ലെ സ.ഉ (പി) നം. 515/13/ധന, 28.11.2013 ലെ സ.ഉ. (പി) നം. 580/13/ധന എന്നീ ഉത്തരവുകൾ വഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>പ്രസ്തുത മാർഗ്ഗങ്ങളിലൂടെ ആകെ എന്തു തുകയുടെ ചെലവ് ചുരുക്കാൻ കഴിഞ്ഞു എന്ന കാര്യം തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) | നോൺ പ്ളാൻ ചെലവുകൾ ബജറ്റിനുള്ളിൽ തന്നെ നിർത്തേണ്ടതായിട്ടുള്ള സർക്കാർ നിർദ്ദേശം ഏതെല്ലാം വകുപ്പുകളിൽ നടപ്പാക്കാൻ നാളിതുവരെ കഴിഞ്ഞുവെന്ന് വിശദമാക്കുമോ ; | നോൺ പ്ളാൻ ചെലവുകൾ ബജറ്റിനുള്ളിൽ തന്നെ നിർത്തേണ്ടതായിട്ടുള്ള സർക്കാർ നിർദ്ദേശം ഏതെല്ലാം വകുപ്പുകളിൽ നടപ്പാക്കാൻ കഴിഞ്ഞുവെന്നത് സാമ്പത്തിക വർഷാവസാനം മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളൂ. |
| (സി) | വിദേശയാത്രകൾ സംബന്ധിച്ച ചെലവ് ചുരുക്കൽ നിർദ്ദേശപ്രകാരം അനുമതി നിഷേധിച്ച വിദേശയാത്രകൾ ആരുടെയെല്ലാം എന്ന് വ്യക്തമാക്കുമോ ; ചെലവ് ചുരുക്കൽ നിർദ്ദേശം വന്നതിനുശേഷം ആരൊക്കെ വിദേശയാത്ര നടത്തിയെന്നും ആയതുവഴി ഖജനാവിന് വന്ന നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ ; | വനം, പരിസ്ഥിതി വകുപ്പുമന്ത്രി, നഗരകാര്യ പിന്നോക്കക്ഷേമവകുപ്പുമന്ത്രി, ശ്രീ. പി.കെ. മൊഹന്തി, എ.സി.എസ്, പരിസ്ഥിതി വകുപ്പ്, ശ്രീ. ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, എൽ.എസ്.ജി.ഡി., ശ്രീ. കബീർ ബി. ഹാരൂൺ, സ്പെഷ്യൽ ഓഫീസർ, ക്ളീൻ കേരള കോ-ലിമിറ്റഡ് എന്നിവർ ബൾഗേറിയ, ഇംഗ്ളണ്ട് എന്നിവിടങ്ങളിലേയ്ക്ക് നടത്താനിരുന്ന യാത്രയ്ക്ക് അനുമതി നിഷേധിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ കണക്കിലെടുത്ത് ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ മാത്രമേ വിദേശ യാത്രകൾ അനുവദിക്കാറുള്ളൂ. ഇത്തരം യാത്രകൾ വഴിയുണ്ടാകുന്ന ചെലവ് ബാദ്ധ്യതയായി സർക്കാർ കരുതുന്നില്ല. വിദേശയാത്രകൾ നടത്തിയിട്ടുള്ളത് സംബന്ധിച്ച വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്ന പതിവില്ല. |

| | | |
|---|---|---|
| (ഡി) | പ്രസ്തുത ചെലവ് ചുരുക്കൽ നിർദ്ദേശം സർക്കാർ പ്രഖ്യാപിച്ചശേഷം എത്ര വാഹനങ്ങൾ ഏതെല്ലാം സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവ ധന കാര്യ വകുപ്പ് അനുമതിയോടെ എത്ര തുകയ്ക്ക് വാങ്ങിയെന്ന് വ്യക്തമാക്കുമോ ; | പ്രസ്തുത ചെലവ് ചുരുക്കൽ നിർദ്ദേശം സർക്കാർ പ്രഖ്യാപിച്ചശേഷം വാങ്ങിയ വാഹനങ്ങൾ സംബ ന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | സംസ്ഥാനത്ത് നികുതി - നികുതിയേതര വരു മാന വർദ്ധനവിന്റെ ആവശ്യകത നിലനിൽക്കു മ്പോൾ ഈ നടപ്പുവർഷം ധനവകുപ്പ് എത്ര പേർക്ക് ആകെ തുകയുടെ ഉപാധിരഹിത സ്റ്റേ അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ? | ധനവകുപ്പ് സ്റ്റേ അനുവദിക്കാറില്ല. |

സെക്ഷൻ ഓഫീസർ

4121
16/12/14

## അനുബന്ധം

| നം. | വകുപ്പ്/സ്ഥാപനം | അനുവദിച്ച വാഹനങ്ങളുടെ എണ്ണം | അനുമതി നൽകിയ തുക |
|---|---|---|---|
| 1. | ഔദ്യോഗിക ഭാഷാ സെക്രട്ടറി | 1 | 8,63,232/- |
| 2. | സംസ്ഥാന വിവരാവകാശ കമ്മീഷൻ | 1 | 14,13,620/- |
| 3. | പോലീസ് വകുപ്പ് | 549 | 58,30,64,891/- |
| 4. | എക്സൈസ് | 11 | 65,85,111/- |
| 5. | റവന്യൂ | 25 | 1,55,36,818/- |
| 6. | വാണിജ്യ നികുതി വകുപ്പ് | 40 | 2,18,64,566/- |
| 7. | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ | 1 | 6,92,655/- |
| 8. | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് | 2 | 15,76,400/- |
| 9. | പാർലമെന്ററി കാര്യ വകുപ്പ് | 1 | 6,00,000/- |
| 10. | വിനോദ സഞ്ചാര വകുപ്പ് | 3 | 44,64,000/- |
| 11. | കുടുംബകോടതി, നെടുമങ്ങാട്. | 1 | 7,00,000/- |
| 12. | രാജ്ഭവൻ | 1 | 7,81,050/- |
| 13. | നഗരകാര്യ വകുപ്പ് | 1 | 9,00,000/- |
| 14. | കോട്ടയം ജില്ലാ പഞ്ചായത്ത് | 1 | 16,01,500/- |
| 15. | വള്ളുവനാട് ഡെവലപ്മെന്റ് അതോറിറ്റി | 1 | 10,63,718/- |
| 16. | ടൗൺ പ്ളാനിംഗ് | 1 | 7,58,000/- |
| 17. | ജലവിഭവ വകുപ്പ് | 2 | 10,33,724/- |
| 18. | വനം വന്യജീവി വകുപ്പ് | 2 | 12,72,067/- |
| 19. | കൃഷി വകുപ്പ് | 13 | 100,00,000/- |

സെക്ഷൻ ഓഫീസർ